**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3527** **26-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ വിശദവിവരം നൽകാമോ; ഇതിന് സംസ്ഥാനത്ത് എത്ര സീറ്റാണ് ഉള്ളത്; ഇതിന്റെ വിദ്യാഭ്യാസ യോഗ്യത എന്താണ് ; വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സ്റ്റേറ്റ് ലൈബ്രേറിയൻ കോഴ്സ് ഡയറക്ടറായി, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി.) സർട്ടിഫിക്കറ്റ് കോഴ്സ് ഓരോ വർഷവും നടത്തുന്നുണ്ട്. ഈ സർട്ടിഫിക്കറ്റ് കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് ലൈബ്രറി സയൻസിന്റെ അടിസ്ഥാന തത്വങ്ങൾ, നിയമങ്ങൾ, ലൈബ്രറികളുടെ ഘടന, നടത്തിപ്പ്, ലൈബ്രറികൾ നൽകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകുന്നു. ഇതുവഴി സ്കൂൾ- കോളേജ് ലൈബ്രറികൾ, പബ്ലിക് ലൈബ്രറികൾ, സ്പെഷ്യൽ ലൈബ്രറികൾ എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ അറിവും പരിശീലനവും നേടാവുന്നതാണ്. സംസ്ഥാന പരീക്ഷാ കമ്മീഷണർ ആണ് ഈ കോഴ്സിന്റെ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത്. സി.എൽ.ഐ.എസ്.സി. കോഴ്സിന്റെ കാലാവധി ആറുമാസമായിരിക്കും. "ഏൺ വൈൽ യു ലേൺ" പദ്ധതി പ്രകാരം 4 മാസം പഠനവും 2 മാസം തൊഴിൽ പരിചയവും ആയിരിക്കും. പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 900/- രൂപ വീതം വേതനം ലഭിക്കുന്നതാണ്. 41 സീറ്റാണ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി.) സർട്ടിഫിക്കറ്റ് കോഴ്സിന് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നിലവിലുള്ളത്. എസ്.എസ്.എൽ.സി. വിജയമാണ് അടിസ്ഥാന യോഗ്യത. |
| (ബി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി വിഭാഗത്തിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ഇ-ജേർണലിന്റെ ലിസ്റ്റ് സംബന്ധിച്ച് വിശദവിവരം നൽകാമോ; | (ബി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള ഇ-ജേർണൽ നിലവിൽ സബ്സ്ക്രൈബ് ചെയ്തിട്ടില്ല. |
| (സി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 2018-2019, | (സി) | 2018-2019 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | 2019-2020, 2020-2021 കാലഘട്ടത്തിൽ സിഡ്കോ മുഖാന്തരം നടത്തിയ പ്രവർത്തനങ്ങളുടെ വിശദവിവരം നൽകാമോ? | | സെൻട്രൽ ലൈബ്രറിയിൽ പുസ്തകങ്ങൾ വയ്ക്കുന്നതിനായി ബുക്ക് ഷെൽഫുകൾ, റാക്കുകൾ മറ്റു ഫർണിച്ചറുകൾ എന്നിവ 2 ലക്ഷം രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ, ലൈബ്രേറിയൻമാർക്ക് ട്രെയിനിംഗ് നൽകുന്നതിനും, ചെറിയ പരിപാടികൾ നടത്തുന്നതിനും വേണ്ടി ആധുനിക രീതിയിലുള്ള എക്കോപ്രൂഫിങ് സംവിധാനം ഉൾപ്പെടെ എയർ കണ്ടീഷനിംഗ് ട്രെയിനിംഗ് സെന്റർ 42.92 ലക്ഷം രൂപയ്ക്കും, ലൈബ്രറിയിലെ പൈതൃക മന്ദിരത്തിന്റെ വികലാംഗർക്കുള്ള ടോയ്ലറ്റിന്റെയും ജീവനക്കാരുടെ വാഹന പാർക്കിംഗ് ഏരിയ നവീകരിച്ച് വിപുലപ്പെടുത്തുന്നതിനും കുട്ടികളുടെ വിഭാഗത്തിന് മുകളിലുള്ള റൂഫ് ചോർച്ച ഒഴിവാക്കി ഫോൾസ് സീലിങ് ഏർപ്പെടുത്തുന്നതിനും ഓഫീസ് അറ്റകുറ്റ പണികൾ നടത്തുന്നതിനും 28.29 ലക്ഷം രൂപയുടെ ജോലികൾ സിഡ്കോ മുഖാന്തരം നടത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ലൈബ്രറിയിൽ പുസ്തകങ്ങൾ വയ്ക്കുന്നതിനായി ബുക്ക് ഷെൽഫുകൾ, റാക്കുകൾ മറ്റു ഫർണിച്ചറുകൾ എന്നിവ 3.55 ലക്ഷം രൂപയ്ക്ക് സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. നാഷണൽ മിഷൻ ഓൺ ലൈബ്രറി എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ലൈബ്രറിയുടെ അടിസ്ഥാന വികസനത്തിനായി 13.15 ലക്ഷം രൂപയ്ക്ക് വായനക്കാർക്കുള്ള ഫർണിച്ചറുകൾ, ഇഷ്യൂ റിട്ടേൺ കൗണ്ടറുകൾ, ലൈബ്രറി ഡെപ്യൂട്ടി, ഡ്യൂട്ടി ലൈബ്രേറിയന്മാരുടെ കൗണ്ടറുകൾ എന്നിവ സിഡ്കോ മുഖാന്തരം നവീകരിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ ക്ലോസ്ഡ് റഫറൻസ് വിഭാഗത്തിൽ ബൈൻഡ് ചെയ്ത പത്രങ്ങൾ സൂക്ഷിക്കുന്നതിനും പുതുതായി വാങ്ങിയ പുസ്തകങ്ങൾ വയ്ക്കുന്നതിനുമായി ബുക്ക് ഷെൽഫുകൾ 5 ലക്ഷം രൂപയ്ക്ക് സിഡ്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ